# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5138 22.05.2017 -ലെ മറുപടി

**പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാലുകളുടെ പഴക്കം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മണിയാർ ഡാമിൽ നിന്നും ആരംഭിച്ചിട്ടുള്ള പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാലുകളുടെ പഴക്കംമൂലം ഉണ്ടായേക്കാവുന്ന അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പഴക്കംമൂലം ഉണ്ടായേക്കാവുന്ന അപകടാവസ്ഥ ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കനാലിന്റെ പഴക്കംമൂലം ഉണ്ടായേക്കാവുന്ന അപകടങ്ങൾ പരിഹരിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;വിശദീകരിക്കുമോ? | (ബി) | ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്ക് അനുസരിച്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം മുഴുവൻ കനാലുകളുടെ അറ്റകുറ്റപ്പണികൾ ചിലപ്പോൾ നടത്തുവാൻ സാധിക്കാതെ വരുന്നു. മുൻ വർഷങ്ങളിൽ കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ 4 കോടി രൂപ ചിലവാക്കിയിട്ടുണ്ട്. കാലപ്പഴക്കം മൂലം കേടുപാടുകൾ വന്ന കനാലുകളിൽകൂടി ചോർച്ചയുണ്ടാകുന്നതുമൂലം അപകടാവസ്ഥയ്ക്ക് സാധ്യതയുണ്ട്. 2017-18 സാമ്പത്തിക വർഷം പമ്പാ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഈ വർഷം നടപ്പിലാക്കാനുള്ള കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള മുൻഗണനാപ്രവൃത്തികൾ ഉൾപ്പെടുത്തികൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. ഈ പ്രവൃത്തികൾ ഈ വർഷം തന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പമ്പാ ഇറിഗേഷൻ പദ്ധതിയുടെ കാലപ്പഴക്കംചെന്ന എല്ലാ കനാലുകളുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ജലസേചന നിർമ്മിതികളുടെ പുനരുദ്ധാരണവും ഉൾപ്പെടുത്തി ഒരു സമഗ്ര പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ